**പതിനഞ്ചാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **254** — **29.01.2024** ൽ മറുപടിയ്ക്ക്

**കെ.എം.എസ്.സി.എൽ മരുന്നുകൾ വാങ്ങിയ നടപടി**

| | **ചോദ്യം**<br>ശ്രീ. റോജി എം. ജോൺ | | **മറുപടി**<br>വീണാ ജോർജ്ജ്<br>(ആരോഗ്യ വനിതാ-ശിശുവികസന വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | 2017-23 വരെയുള്ള കാലയളവിൽ എത്ര ഇനം മരുന്നുകൾക്ക് സർക്കാർ ആശുപത്രികൾ കേരള മെഡിക്കൽ സർവീസ് കോർപറേഷന് ഇൻഡന്റ് നൽകിയെന്നും കെ.എം.എസ്.സി.എൽ എത്ര ഇനങ്ങൾക്ക് ഓർഡർ നൽകിയെന്നും വർഷം തിരിച്ച് വിവരം നൽകാമോ; | (എ) | 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ സർക്കാർ ആശുപത്രികളിൽ നിന്നും ഇൻഡന്റ് ലഭിച്ച ഇനങ്ങളുടെയും, അതിൽ വിതരണോത്തരവു നൽകിയ ഇനങ്ങളുടെയും എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ മരുന്നു സംഭരണ വിതരണത്തിനായി ഉപയോഗിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ ഡി.ഡി.എം.എസ്. ൽ നിന്നും ശേഖരിച്ചത് ചുവടെ ചേർക്കുന്നു. |

| **സാമ്പത്തിക വർഷം** | **ഇൻഡന്റ് ലഭിച്ച ഇനങ്ങളുടെ എണ്ണം** | **വിതരണോത്തരവു നൽകിയവയുടെ എണ്ണം** |
|---|---|---|
| 2016-17 | 585 | 535 |
| 2017-18 | 590 | 544 |
| 2018-19 | 632 | 541 |
| 2019-20 | 629 | 550 |
| 2020-21 | 633 | 555 |
| 2021-22 | 606 | 547 |
| 2022-23 | 608 | 547 |
| 2023-24 | 707 | 618 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കാലയളവിൽ എത്ര സ്ഥാപനങ്ങൾ, ഓർഡർ ചെയ്ത മരുന്നുകൾ 60 ദിവസത്തിനുള്ളിൽ നൽകണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല എന്ന് വ്യക്തമാക്കാമോ; | (ബി) | 2016-2017, 2017-18 കാലയളവിൽ ദർഘാസ് നിബന്ധന പ്രകാരം വിതരണോത്തരവ് നൽകുന്ന അളവിന്റെ 50% 45 ദിവസത്തിനുള്ളിലും, 100% 60 ദിവസത്തിനുള്ളിലും പൂർത്തിയാക്കണമെന്നതാണ് ദർഘാസ് വ്യവസ്ഥ.<br>എന്നാൽ 2018-19 മുതൽ വിതരണോത്തരവ് അളവിന്റെ 50% 60 ദിവസത്തിനുള്ളിലും, 100% 70 ദിവസത്തിനുള്ളിലും പൂർത്തിയാക്കണമെന്നതാണ് ദർഘാസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ദർഘാസ് നിബന്ധന പ്രകാരം വിതരണം പൂർത്തിയാക്കാത്തവരിൽ നിന്നും വിതരണം ചെയ്യാത്ത അളവിന്റെ മൂല്യത്തിന്റെ 0.5% എന്ന നിരക്കിൽ ദിവസേന ഈടാക്കും, അത്തരത്തിൽ പരമാവധി 10% വരെ ഈടാക്കും. ഇത്തരത്തിൽ തുടരെ വിതരണത്തിൽ വീഴ്ച |

<table>
<tr><td></td><td></td><td></td><td>വരുത്തുന്ന കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താറുമുണ്ട്.<br>പ്രസ്തുത കാലയളവിൽ വിതരണത്തിൽ കാലതാമസം വരുത്തിയ കമ്പനികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>വീഴ്ച വരുത്തിയ കമ്പനികളുടെ എണ്ണം</th></tr>
<tr><td>2016-17</td><td>104</td></tr>
<tr><td>2017-18</td><td>106</td></tr>
<tr><td>2018-19</td><td>94</td></tr>
<tr><td>2019-20</td><td>97</td></tr>
<tr><td>2020-21</td><td>67</td></tr>
<tr><td>2021-22</td><td>95</td></tr>
<tr><td>2022-23</td><td>89</td></tr>
<tr><td>2023-24</td><td>38</td></tr>
</table></td></tr>
<tr><td>(സി)</td><td>ഈ കാലയളവിൽ മരുന്ന് കമ്പനികൾ പരമാവധി എത്ര ദിവസം കാലതാമസം വരുത്തിയെന്ന് വിശദമാക്കാമോ;</td><td>(സി)</td><td>231 മുതൽ 447 ദിവസം വരെ</td></tr>
<tr><td>(ഡി)</td><td>വ്യവസ്ഥകൾ ലംഘിച്ച സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?</td><td>(ഡി)</td><td>ഉണ്ട്. പിഴയിനത്തിൽ 7.24 കോടി രൂപ ഈടാക്കിയിട്ടുണ്ട്.</td></tr>
</table>

Anjulal

സെക്ഷൻ ഓഫീസർ